ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.12.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) സെൻട്രൽ എക്സൈസ് ഭേദഗതി ബിൽ പാർലമെൻറ് പാസ്സാക്കി; ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു; ആരോഗ്യ സുരക്ഷാ ദേശീയ സുരക്ഷാ സെസ് ബിൽ ലോക്സഭയിൽ.

   **Parliament passes the Central Excise (Amendment) Bill 2025. Both houses adjourned for the day; Lok Sabha has taken up the Health Security se National Security Cess Bill, 2025.**

2) രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ ന്യൂഡൽഹിയിൽ എത്തി; പ്രധാനമന്ത്രി നരേന്ദ്രമോദിയുമായുള്ള കൂടിക്കാഴ്ച നാളെ.

   **Russian President Vladimir Putin arrived in New Delhi today. He will hold talks with Prime Minister Narendra Modi tomorrow.**

3) ബാലവിവാഹ മുക്ത ഭാരതം പദ്ധതിയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് പ്രത്യേക ക്യാമ്പയിന് ഇന്ന് തുടക്കമായി.

**Union Minister of Women and Child Development Annapurna Devi launches 100-Day Intensive Awareness Campaign for Child Marriage Free Bharat.**

4) കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു; ഉദ്യോഗസ്ഥരുടെ നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട് അന്തിമ റാൻഡമൈസേഷൻ പൂർത്തിയായി.

**Preparations for the local body elections are progressing across Kerala. The final randomization related to the staff deployment has been completed.**

5) 2025–26 ൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം 7.4 ശതമാനം വളർച്ച കൈവരിക്കുമെന്ന് ഫിച്ച് റേറ്റിംഗ്സ് റിപ്പോർട്ട്.

**Fitch Ratings revises India's GDP growth forecast forcurrent financial year to 7.4 percent, citing robust private consumption and positive impact of recent tax reforms.**

❁❁❁❁❁❁❁❁❁❁❁❁❁

## PARLIAMENT GENERAL

ശീതകാലസമ്മേളനത്തിൻറെ നാലാം ദിവസമായ ഇന്ന് നടപടികൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും പിരിഞ്ഞു. സെൻട്രൽ എക്സൈസ് ഭേദഗതി ബിൽ പാർലമെൻറ് പാസ്സാക്കി. ലോക്സഭ ഇന്നലെ തന്നെ പാസ്സാക്കിയ ബില്ലിന് ഇന്ന് രാജ്യസഭയും അംഗീകാരം നൽകുകയായിരുന്നു. സിഗരറ്റ്, ഹുക്ക പുകയില, തുടങ്ങി വിവിധ പുകയില ഉൽപ്പന്നങ്ങളുടെ എക്സൈസ് തീരുവയും സെസ്സും വർദ്ധിപ്പിക്കാൻ ബിൽ വ്യവസ്ഥ ചെയ്യുന്നു. അതസമയം,അതാതുദിവസത്തെ അജണ്ടയിൽ

പട്ടികപ്പെടുത്തിയിരിക്കുന്ന വിഷയങ്ങളെക്കുറിച്ച് മാത്രമേ സഭയിൽ ചർച്ച നടത്താൻ കഴിയൂ എന്ന് രാജ്യസഭാ ചെയർമാൻ സി.പി. രാധാകൃഷ്ണൻ റൂളിംഗ് നൽകി.

❁❁❁❁❁❁❁❁❁❁❁❁

## LS – HEALTH SECURITY CESS (INTRO)

ആരോഗ്യ സുരക്ഷാ ദേശീയ സുരക്ഷാ സെസ് ബിൽ 2025 കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. പാൻമസാല ഉത്പാദനത്തിൽ സെസ്സ് ഏർപ്പെടുത്തി ആരോഗ്യം, ദേശീയ സുരക്ഷ എന്നീ മേഖലകളിൽ ഫണ്ട് വർധിപ്പിക്കുന്നതിനാണ് ബിൽ ലക്ഷ്യമിടുന്നത്. അവശ്യവസ്തുക്കളിൽ സെസ് ചുമത്തില്ലെന്നും ആരോഗ്യത്തിന് ദോഷകരമായ പാൻ മസാല പോലുള്ളവയ്ക്ക് മാത്രമേ സെസ് ചുമത്തൂവെന്ന് ബിൽ അവതരിപ്പിച്ച് ധനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁

## PARLIAMENT-PROTEST

ഡൽഹിയിലും ഉത്തരേന്ത്യയുടെ മറ്റ് ഭാഗങ്ങളിലുമുള്ള വായു മലിനീകരണത്തിന് പരിഹാരം കണ്ടെത്തണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ എം.പിമാർ പാർലമെൻറ് വളപ്പിൽ പ്രതിഷേധ പ്രകടനം നടത്തി. ഇത്തരം ഗുരുതര പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് സർക്കാരിൻറെ ഉത്തരവാദിത്തമാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് സോണിയ ഗാന്ധി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

## PUTIN INDIA VISIT

രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ ന്യൂഡൽഹിയിലെത്തി. 23-ാമത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി വ്ളാഡിമിർ പുടിൻ നാളെ കൂടിക്കാഴ്ച നടത്തും. അന്താരാഷ്ട്ര, പ്രദേശിക തലത്തിലെ വിവിധ വിഷയങ്ങളെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁

## INDIA-RUSSIA- DEFENCE

ആഗോള അനിശ്ചിതത്വങ്ങൾക്കിടയിലും ഇന്ത്യ-റഷ്യ ബന്ധം ശക്തമായി തുടരുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ 22-ാമത് ഇന്ത്യ-റഷ്യ സൈനിക സാങ്കേതിക സഹകരണ മന്ത്രിതല യോഗത്തിൽ സഹ-അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. റഷ്യയുടെ നേതൃത്വത്തിലുള്ള യുറേഷ്യൻ സാമ്പത്തിക യൂണിയനുമായി സ്വതന്ത്ര വ്യാപാര കരാറിനുള്ള ചർച്ചകളെ ഇന്ത്യ സ്വാഗതം ചെയ്യുന്നതായി ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸

## GOYAL- INDIA RUSSIA FORUM

സവിശേഷവും തന്ത്രപരവുമായ ഇന്ത്യ-റഷ്യ പങ്കാളിത്തം കാലാതീതവും സുസ്ഥിരവുമാണെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ ഇന്ത്യ-റഷ്യ ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആഗോള പ്രതിസന്ധികൾക്കിടയിലും, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ വെല്ലുവിളികളെ നേരിടാനുള്ള പ്രാപ്തി തെളിയിച്ചു കൊണ്ടിരിക്കുകയാണെന്നും ശ്രീ ഗോയൽ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸

## GDP - FITCH RATINGS

2025–26 ൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം 7.4 ശതമാനം വളർച്ച കൈവരിക്കുമെന്ന് ഫിച്ച് റേറ്റിംഗ്സ് റിപ്പോർട്ട്. 6.9 ശതമാനം വളർച്ചാ നിരക്ക് കൈവരിക്കുമെന്നായിരുന്നു നേരത്തെയുള്ള പ്രവചനം. ശക്തമായ സ്വകാര്യ ഉപഭോഗവും സമീപകാല നികുതി പരിഷ്കാരങ്ങളുടെ സ്വാധീനവും ജിഡിപി വളർച്ചാ നിരക്കിനെ സ്വാധീനിച്ചതായി ആഗോള റേറ്റിംഗ് ഏജൻസി അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## NAVY DAY

ഇന്ന് നാവിക സേനാ ദിനം. 1971ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ നാവിക സേനയുടെ പോരാട്ട വീര്യവും കരുത്തും പ്രകടമാക്കിയ ഓപ്പറേഷൻ ട്രൈഡന്റ്റിൻറെ

ഓർമ്മക്കായാണ് ദിനാഘോഷം. നാവികസേനാ ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ ആശംസകൾ നേർന്നു.

☸☸☸☸☸☸☸☸☸☸☸☸

## FACT CHECK- NAVY

ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യക്ക് ഏറെ നാശനഷ്ടങ്ങൾ സംഭവിച്ചതായി നാവിക സേനമേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി സ്ഥിരീകരിക്കുന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ഈ വീഡിയോ വാസ്തവ വിരുദ്ധമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## LABOUR CODES - VC

കഴിഞ്ഞ മാസം 21 ന് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പുതിയ തൊഴിൽ നിയമങ്ങൾ ഇന്ത്യയിലുടനീളമുള്ള തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തിന് സ്ഥിരത പ്രദാനം ചെയ്യുന്നതായി വിലയിരുത്തൽ. സാധാരണ ജോലി സമയത്തിനപ്പുറം ചെയ്യുന്ന ഏതൊരു ജോലിക്കും വേതന നിരക്കിൻറെ ഇരട്ടിയിൽ കുറയാത്ത നഷ്ടപരിഹാരം നൽകണമെന്നതും ഈ പരിഷ്കാരങ്ങളുടെ സവിശേഷതയാണ്.

☸☸☸☸☸☸☸☸☸☸☸☸

## PM- CHEETAH ARTICLE

രാജ്യത്ത് ചീറ്റകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് അങ്ങേയറ്റം പ്രോത്സാഹജനകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യയിലെ ചീറ്റകളെക്കുറിച്ചുള്ള പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവിന്റെ ലേഖനം സമൂഹ മാധ്യമങ്ങളിൽ പങ്കിടുകയായിരുന്നു അദ്ദേഹം.

☸☸☸☸☸☸☸☸☸☸☸☸

## CHILD MARRIAGE FREE BHARAT( INTRO)

ബാലവിവാഹ മുക്ത ഭാരതം പദ്ധതിയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് രാജ്യത്ത് പ്രത്യേക ക്യാമ്പയിന് തുടക്കമായി. 2030 ഓടെ ശൈശവ വിവാഹം ഇല്ലാതാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് ന്യൂഡൽഹിയിൽ പരിപാടി ഉദ്ഘാടനം ചെയ്യവെ കേന്ദ്ര മന്ത്രി അന്നപൂർണ ദേവി പറഞ്ഞു.

( വോയിസ്.... )

അടുത്ത വർഷം അന്താരാഷ്ട്ര വനിതാ ദിനത്തിൽ അവസാനിക്കുന്ന ക്യാമ്പയിൻറെ

ഭാഗമായി രാജ്യമെമ്പാടും പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും.

## KERALA ELECTION

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പ് ജോലിക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട് അന്തിമ റാൻഡമൈസേഷൻ പൂർത്തിയായി. ആദ്യഘട്ട പരിശീലനത്തിൽ പങ്കെടുക്കുവാൻ കഴിയാതിരുന്ന തിരഞ്ഞെടുപ്പ് ജോലിയ്ക്കായി നിയോഗിയ്ക്കപ്പെട്ട പ്രിസൈഡിംഗ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ എന്നിവർക്കുള്ള പരിശീലനം മറ്റന്നാൾ നടക്കും.

## RAHUL MANKOOTTATHIL

ബലാത്സംഗ കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ മുൻകൂർ ജാമ്യാപേക്ഷ തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി തള്ളി. രാഹുലിന്റെ ആവശ്യപ്രകാരം അടച്ചിട്ട മുറിയിലാണ് കോടതി വാദം കേട്ടത്. ജാമ്യാപേക്ഷ തള്ളിയതിനു പിന്നാലെ രാഹുൽ മാങ്കൂട്ടത്തിലിനെ കോൺഗ്രസിന്റെ പ്രാഥമിക അംഗത്വത്തിൽ നിന്ന് പുറത്താക്കി. എ.ഐ.സി.സി അനുമതിയോടെയാണ് നടപടി.

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 159 പോയിന്റ് ഉയർന്ന് 85,265 ലും നിഫ്റ്റി 48 പോയിന്റ് നേട്ടത്തിൽ 26,033 ലും

വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കുറഞ്ഞു. പവന് 680 രൂപ കുറഞ്ഞ് 95,080 രൂപയും ഗ്രാമിന് 11,885 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁

## SWARAJ KAUSHAL PASSED AWAY

ബിജെപി എംപി ബൻസുരി സ്വരാജിന്റെ പിതാവും മുൻ കേന്ദ്രമന്ത്രി സുഷമ സ്വരാജിന്റെ ഭർത്താവുമായ മിസോറാം മുൻ ഗവർണർ സ്വരാജ് കൗശൽ അന്തരിച്ചു.

73 വയസ്സായിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ലോക്സഭ സ്പീകർ ഓം ബിർളയും അനുശോചിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## DAY IMD WEATHER

രാജസ്ഥാൻ, പഞ്ചാബ്, ചണ്ഡീഗഡ്, ഹരിയാന, ഡൽഹി എന്നിവിടങ്ങളിൽ അടുത്ത ദിവസങ്ങളിൽ ശീതക്കാറ്റിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെക്കൻ കർണാടകയുടെ ഉൾപ്രദേശങ്ങൾ, പുതുച്ചേരി, കാരക്കൽ, തമിഴ്നാട്, കേരളം, മാഹി എന്നിവിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁

## OPERATION SAGAR BANDHU

ശ്രീലങ്കയിൽ ആഞ്ഞടിച്ച ദിത്വ ചുഴലിക്കാറ്റിൽ മരിച്ചവരുടെ എണ്ണം 479 ആയി, 350 പേരെ ഇപ്പോഴും കാണാതായിട്ടുണ്ട്, ദ്വീപിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സഹായമേകുന്ന ഇന്ത്യയുടെ ഓപ്പറേഷൻ സാഗർ ബന്ധുവിൻറെ ഭാഗമായി വ്യോമസേന 50 ടൺ ഭാരമുള്ള രണ്ട് ബെയ്‌ലി പാലങ്ങൾ ശ്രീലങ്കയിലെത്തിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## INDIA- AFGHAN MEDICAL AID

അഫ്ഗാനിസ്ഥാനിൽ ഇൻഫ്ലുവൻസയും മെനിഞ്ചൈറ്റിസും തടയുന്നതിന് അവശ്യ ആരോഗ്യ സംരക്ഷണ സഹായം നൽകി ഇന്ത്യ. ഇതിനായി 63,700-ലധികം ഡോസ് വാക്സിനുകൾ ഇന്ത്യ

കാബൂളിലേക്ക് എത്തിച്ചതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. അഫ്ഗാനിസ്ഥാന്റെ പൊതുജനാരോഗ്യത്തെ പിന്തുണയ്ക്കുന്നതിനുള്ള പ്രതിബദ്ധത ഇന്ത്യ വീണ്ടും ഉറപ്പിക്കുന്നുവെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

## OM BIRLA – SAUDI ARABIA

സൗദി-ഇന്ത്യ പാർലമെന്ററി സൗഹൃദ സമിതി ചെയർമാൻ മേജർ ജനറൽ ഡോ. അബ്ദുൾ റഹ്മാൻ ബിൻ സൻഹത് അൽ-ഹർബിയെയും ഷൂറ കൗൺസിൽ പ്രതിനിധി സംഘത്തിലെ വിശിഷ്ട അംഗങ്ങളെയും ലോക്സഭാ സ്പീക്കർ ഓം ബിർള ഇന്ന് പാർലമെന്റിൽ സ്വാഗതം ചെയ്തു. തുടർച്ചയായ കൈമാറ്റങ്ങളിലൂടെ ശക്തിപ്രാപിച്ച നൂറ്റാണ്ടുകൾ പഴക്കമുള്ള സാംസ്കാരിക, ആത്മീയ, സാമ്പത്തിക ബന്ധങ്ങൾ ഇന്ത്യയും സൗദി അറേബ്യയും പങ്കിടുന്നുവെന്ന് സാമൂഹ്യ മാധ്യമ കുറിപ്പിൽ ശ്രീ ബിർള പറഞ്ഞു. കൂടാതെ, ഇന്ത്യ-സൗദി അറേബ്യ പാർലമെന്ററി സൗഹൃദ ഗ്രൂപ്പ് ഉടൻ പാർലമെന്റിൽ ഔപചാരികമായി സ്ഥാപിക്കപ്പെടുമെന്ന കാര്യം പങ്കുവെക്കുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം അറിയിച്ചു.